ഉത്തരം

(എ) കഴക്കൂട്ടം-കോവളം ബൈപ്പാസ് നാലുവരിപ്പാതയാക്കാനുള്ള പ്രവൃത്തിയുടെ ടെണ്ടർ വിജ്ഞാപനം ചെയ്തത് 30-10-2014-ൽ ആണ്. ടെണ്ടർ സ്വീകരിച്ച അവസാന തീയതി 10-4-2015 ആണ്. ടെണ്ടറിൽ പങ്കെടുത്തവർ മെസ്സേഴ്സ് കെ. എൻ. ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡ്, ഹൈദരാബാദ്, എൽ ആന്റ് റ്റി കൺസ്ട്രക്ഷൻ കമ്പനി എന്നിവരാണ്. ഇതിൽ മെസ്സേഴ്സ് കെ.എൻ.ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡ്, ഹൈദരാബാദ് ആണ് ക്വാളിഫൈ ചെയ്യപ്പെട്ടത്.

(ബി) ഓരോരുത്തരും ക്വാട്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു :

മെസ്സേഴ്സ് കെ.എൻ.ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡ് ഹൈദരാബാദ്	669.06 കോടി രൂപ
എൽ ആന്റ് റ്റി കൺസ്ട്രക്ഷൻ കമ്പനി	708.40 കോടി രൂപ

(സി) നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റ് തുക (സിവിൽ വർക്ക്) 621.22 കോടി രൂപയും വർക്ക് അവാർഡ് ചെയ്ത തുക 669.06 കോടി രൂപയുമാണ്. മെസ്സേഴ്സ് കെ.എൻ.ആർ. കൺസ്ട്രക്ഷൻസ് ലിമിറ്റഡ്, ഹൈദരാബാദുമായാണ് എഗ്രിമെന്റ് വച്ചത്.

(ഡി) പദ്ധതിയുടെ തുക പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. ആയതിനാൽ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തേണ്ട ആവശ്യമില്ല

കോഴിക്കോട് - ബാലുശ്ശേരി റോഡിന്റെ വികസനം

304 (1338) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കോഴിക്കോട് ബാലുശ്ശേരി റോഡിന്റെ വികസനം വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ബി) എങ്കിൽ അതുസംബന്ധിച്ച വിശദവിവരവും പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത റോഡിന് 2015-16 വർഷത്തിൽ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ പ്രവൃത്തിയുടെ വിശദവിവരം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട്-ബാലുശ്ശേരി റോഡ് സംസ്ഥാന റോഡ് വികസന പദ്ധതിയിലെ റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് ഉൾപ്പെടെയുള്ള റോഡുകളുടെ പാക്കേജ് പി.പി.പി./ ആന്വിറ്റി രീതിയിൽ നവീകരിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചപ്പോൾ കിട്ടിയ നിരക്കുകൾ കൂടുതലായതിനാൽ അംഗീകാരം നൽകിയിട്ടില്ല.

(സി) 2015-16 വർഷത്തിൽ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത റോഡിന് ഇതുവരെയൊന്നും വകയിരുത്തിയിട്ടില്ല.

റോഡ് വികസനം

305 (1339) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രത്തിന്റെ സാമ്പത്തിക പുരോഗതിയിൽ റോഡുവികസനം മുഖ്യപങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് റോഡുവികസനത്തിന് മുന്തിയ പരിഗണന നൽകുമോ ;

(സി) റോഡുപണിക്ക് എ.എം.ഡി. നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) റോഡുകൾ കുറ്റമറ്റ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള സ്ഥിരം സംവിധാനത്തിന്റെ കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉത്തരവാദപ്പെട്ടവരാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് റോഡു വികസനത്തിന് മുന്തിയ പരിഗണന നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly